PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session-1969

Wednesday, the 6th August, 1969

Vol. XXV] OFFICIAL REPORT [No. 3

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 6th August 1969, with Mr. Speaker in the Chair.

1. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

(a) Oral Answers

ഈ. എസ്. ഐ. ഡിസ്പെൻസറി

* 27. (49) ശ്രീ. ഇ. ബി. കുമാരൻ
,, ഇ. ബാലാനന്ദൻ
,, ടി. കെ. രാമകൃഷ്ണൻ
,, എം. കെ. കേളു
,, വി. എസ്. അച്യുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ എത്ര ഈ. എസ്. ഐ. ഡിസ്പെൻസറികൾ ഉണ്ട്;

(ബി) ഈ ഡിസ്പെൻസറികളുടെ പ്രവർത്തനവൈകല്യങ്ങളെക്കുറിച്ച് എന്തെങ്കിലും പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) കെ. എസ്. പുരം ഈ. എസ്. ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ അടിയന്തിരനടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) :

(എ) അറുപത്തിയഞ്ച്. കൂടാതെ 11 പാർട്ട് ടൈം ഡിസ്പെൻസറികളും ഉണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം വ്യക്തമല്ല. കുലശേഖരപുരമാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ ഡിസ്പെൻസറിയുടെ പ്രവർത്തനം ഇപ്പോൾ സാധാരണ ഗതിയിൽ നടക്കുകയാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : കുലശേഖരപുരം ഡിസ്പെൻസറി എന്നു പറയുന്നത് കരുനാഗപ്പള്ളിയിലെ കുലശേഖരപുരത്തെ ഉദ്ദേശിച്ചാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ: ചോദ്യത്തിൽ കെ. എസ്. പുരം ഈ. എസ്. ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ എന്നാണ്. സർക്കാരിന്റെ രേഖകളിൽ കെ. എസ്. പുരം ഡിസ്പെൻസറി എന്നൊരു ഡിസ്പെൻസറി കാണുന്നില്ല. കരുനാഗപ്പള്ളിയിലുള്ള കലശേഖരപുരം ഡിസ്പെൻസറിയാണെങ്കിൽ അതു് സാധാരണ നിലയിൽ നടക്കുന്നുണ്ടു്.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: കലശേഖരപുരം ഡിസ്പെൻസറിയിൽ ഈ അടുത്ത കാലത്തു് അവിടെ ജോലിയിലിരിക്കുന്ന ഡോക്ടറും തൊഴിലാളികളുമായി ചില അഭിപ്രായവ്യത്യാസങ്ങളിലെത്തിച്ചേരുകയും തൽഫലമായി പല അനിഷ്ട സംഭവങ്ങൾക്കിടയാക്കുകയും ചെയ്തതിനെ പരിഗണിച്ചു് അന്വേഷണം നടത്തുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: വേണ്ട അന്വേഷണം നടത്താം.

ശ്രീ. ഇ. വി. കുമാരൻ: ഈ ആശുപത്രിയിൽ തൊഴിലാളികളായ രോഗികളെ അഡ്മിറ്റു് ചെയ്യുന്നില്ലെന്നും അഥവാ അഡ്മിറ്റു ചെയ്യാൽത്തന്നെ രോഗികളെ രോഗം മാറുന്നതിനു മുമ്പായി ഡിസ്ചാർജു് ചെയ്യുന്നതായും പരാതികൾ ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: കലശേഖരപുരത്തു ഒരു ഡിസ്പെൻസറിയാണുള്ളതു്. അവിടെ രോഗികളെ അഡ്മിറ്റു് ചെയ്യാറില്ല. അതുകൊണ്ടു് ഈ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ ഡിസ്പെൻസറിയിൽ ചികിൽസിക്കപ്പെടുന്ന രോഗികൾക്കു ഡോക്ടർ സർട്ടിഫിക്കറ്റു് കൊടുക്കുന്നില്ലെന്നുള്ള പരാതിയുള്ളതായിട്ടു് അറിയാമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഡിസ്പെൻസറിയിൽ ചികിത്സിക്കപ്പെടുന്ന രോഗികൾക്കു ഡാക്ടർ സർട്ടിഫിക്കറ്റു കൊടുക്കാറുണ്ടു്. അവിടെ ചികിൽസിച്ച രോഗികൾക്കു് രണ്ടുപ്രാവശ്യം സർട്ടിഫിക്കറ്റു കൊടുത്തതിനുശേഷം മൂന്നാം പ്രാവശ്യം സർട്ടിഫിക്കറ്റു കൊടുക്കണമെന്നാവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ രോഗം ഇല്ലെന്നു ബോദ്ധ്യപ്പെടുകയാൽ സംശയമുണ്ടെങ്കിൽ മറ്റു് ഇ. എസ്. ഐ. ആശുപത്രികളിൽ അയച്ചു് പരിശോധിപ്പിക്കാമെന്നു പറഞ്ഞു. അതല്ല രോഗമുണ്ടെന്നു സർട്ടിഫിക്കറ്റു കിട്ടണമെന്നു തൊഴിലാളികൾ ആവശ്യപ്പെടുകയുണ്ടായി എന്നാണു് ഇവിടെ കിട്ടിയിരിക്കുന്ന രേഖ.

ശ്രീ. ഇ. ബാലാനന്ദൻ: സർ, ആലുവായിലും ഉദ്യോഗമണ്ഡലിലും ഉള്ള ഇ. എസ്. ഐ. ആശുപത്രികളിൽ മരുന്നില്ലെന്നും ഡാക്ടർമാരില്ലെന്നും ഉള്ള പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ആശുപത്രിയിൽ മരുന്നില്ലെന്നും ഡാക്ടർമാരില്ലെന്നും ഉള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥലം മാറിയ ഡോക്ടർ ജോലിക്കു വരാൻ അല്പം കാലതാമസമുണ്ടായതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: കരുനാഗപ്പള്ളി ഇ. എസ്. ഐ. ആശുപത്രിയെപ്പറ്റിയാണു് ചോദിക്കുന്നതു്. ബഹുമാനപ്പെട്ട മന്ത്രിയുടെ സംശയം ദൂരീകരിക്കുവാൻവേണ്ടി വ്യക്തമാക്കുകയാണു്. തൊഴിലാളികൾക്കു് പ്രത്യേകമായി, സാധാരണ ആശുപത്രികളെക്കാൾ വ്യത്യസ്തമായ ആനുകൂല്യങ്ങൾ കിട്ടുന്നതിനു വേണ്ടിയാണു് തൊഴിലാളികളുടെ കാൺട്രിബ്യൂഷനോടുകൂടി ഇ. എസ്. ഐ. ആശുപത്രികൾ സംസ്ഥാനത്തു് ഉണ്ടായിട്ടുള്ളതു്. അവിടെ തൊഴിലാളികളോടു വളരെ ക്രൂര

LIBRARY ARCHIVES Kerala Legislative Assembly

മായി പെരുമാറി എന്ന പരാതി ഉണ്ട്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുകയോ തൊഴിലാളികൾക്ക് വേണ്ട സംരക്ഷണ നടപടികൾ എടുക്കുകയോ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഈ ആശുപത്രിയെപ്പറ്റി ഒരു പരാതി ലഭിച്ചിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷിച്ചുവരികയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : ഇ. എസ്. ഐ. ആശുപത്രികളെക്കുറിച്ച് ധാരാളം പരാതികൾ കിട്ടിയിട്ടുള്ള സ്ഥിതിക്ക് ആ ആശുപത്രികളുമായി ബന്ധപ്പെടുത്തി ഇൻഷ്വറൻസ് മെഡിക്കലാഫീസറും തൊഴിലാളി പ്രതിനിധികളും ചേർന്ന് ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിക്കണമെന്നുള്ള നിർദ്ദേശം ഗവണ്മെന്റ് പരിഗണിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇത് ഗവണ്മെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. കെ. ടി. ജോർജ് : പറവൂർ ഇ. എസ്. ഐ. ആശുപത്രി, തൊഴിലാളികൾക്ക് കാഷ്വൽ ലീവിനു സർട്ടിഫിക്കറ്റ് കൊടുക്കുന്ന ഒരു സ്ഥാപനമായി അധഃപതിച്ചിരിക്കുകയാണെന്നും അവിടെ മരുന്നുകൾ യാതൊന്നും ഇല്ലെന്നുമുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഓരോ പ്രദേശത്തിന്റെയും ആവശ്യം കണക്കാക്കിയാണ് മരുന്നു കൊടുത്തുകൊണ്ടിരിക്കുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ മരുന്ന് തീർന്നുപോകാം. ഇക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. എൻ. കെ. ശേഷൻ : തൃശ്ശൂർ ജില്ലയിലെ മുളംകുന്നത്തു ഇ. എസ്. ഐ. ആശുപത്രിയിൽ മരുന്നില്ലെന്നുള്ളതുകൊണ്ട് വിഷമം നേരിടുകയാൽ രോഗികൾ സംഘടിച്ച് ഗവണ്മെന്റിലേക്ക് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ ; നൽകിയിട്ടുണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതിനെക്കുറിച്ച് ഇപ്പോൾ പറയാൻ പറ്റുകയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇ. എസ്. ഐ. ആശുപത്രികൾക്ക് പ്രവർത്തന വൈകല്യങ്ങൾ ഉണ്ടെന്നു 'ബി' പാർട്ടിനു ഉത്തരമായി പറയുകയുണ്ടായി. ആ പ്രവർത്തന വൈകല്യങ്ങളിൽ പ്രധാനപ്പെട്ട ഇനം എന്താണ്; അവ പരിഹരിക്കാൻ ഗവണ്മെന്റു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : പരാതി കിട്ടിയിട്ടുണ്ട് ; പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. കരുണാകരൻ : ഇ. എസ്. ഐ. പദ്ധതിയനുസരിച്ച് ആശുപത്രികളിൽ മരുന്ന് താൽക്കാലികമായി തീർന്നുപോയാൽ അത്യാവശ്യത്തിനുള്ള മരുന്നുകൾ ഡോക്ടർമാർ വാങ്ങിച്ചുകൊടുക്കുവാൻ വ്യവസ്ഥ ഉണ്ടായിരുന്നു. ആ വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ ; ഇതിലേക്ക് എത്ര സംഖ്യയാണ് വച്ചിട്ടുള്ളത് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇപ്പോഴും നിലവിലുണ്ട്. ഓരോന്നും പ്രത്യേകമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ചടയൻ : മലപ്പുറം ഡിസ്ട്രിക്ടിൽ എത്ര ഇ. എസ്. ഐ. ആശുപത്രികൾ ഉണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : നോട്ടീസുണ്ടെങ്കിലെ പറയാൻ പറ്റൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ചടയൻ : മലപ്പുറം ഡിസ്ട്രിക്ടിലെ മംപാട് ഇ. എസ്. ഐ. ആശുപത്രിയിൽ മരുന്നു കിട്ടുന്നില്ലെന്നുള്ള നിവേദനം കിട്ടിയില്ലെ ; അതിനു ബഹുമാനപ്പെട്ട മന്ത്രി വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : നോട്ടീസു വേണം.

ശ്രീ. കെ. എ. ശിവരാമഭാരതി : കോഴിക്കോട്ട് ചെറുവണ്ണൂരിലുള്ള ഇ. എസ്. ഐ. ആശുപത്രിയിൽ മരുന്നില്ലെന്നും അവിടെ വരുന്ന രോഗികൾക്ക് കയറി നില്ക്കുന്നതിനുള്ള സ്ഥലംപോലുമില്ലെന്നുമുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതിനു എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ആ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയാൻ വേണ്ട നടപടി നടത്തി വരികയാണു്.

ശ്രീ. എം. കെ. ജോർജ്ജ് : പണി തീർന്നു വളരെക്കാലമായി കിടക്കുന്ന കോട്ടയം ഇ. എസ്. ഐ. ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണമെന്താണു് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതിന്റെ പണി മുഴുവൻ തീരാത്തതുകൊണ്ടാണു്.

ശ്രീ. പി. എസ്. നമ്പൂതിരി : സംസ്ഥാനത്തിൽ ഇപ്പോഴുള്ള ഇ. എസ്. ഐ. ആശുപത്രികളിൽ മരുന്നില്ലെന്നും ക്ഷയ വിതരണക്രമം മോശമാണെന്നും ഉള്ള പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : പരാതി ശ്രദ്ധയിൽപ്പെട്ടാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. എം. സദാശിവൻ : വിജയമോഹിനി മില്ലിൽ പണിയെടുക്കുന്ന 700 ൽ പരം തൊഴിലാളികൾക്കു് റോട്ടറി ക്ലബ്ബിൽ നിന്നുമാണു് വൈദ്യസഹായം കിട്ടിക്കൊണ്ടിരുന്നതു്. റോട്ടറി ക്ലബ്ബിൽനിന്നു് ഇപ്പോഴും ഒരു സഹായവും കിട്ടുന്നില്ല. 1000 തൊഴിലാളികളും ഉണ്ടെങ്കിലെ മറെറാരു ആശുപത്രി അനുവദിക്കുകയുള്ളു. അതിനെപ്പററിയുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതെന്തായി ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ആയിരത്തിൽ കൂടുതലുണ്ടെങ്കിൽ അവിടെ ഒരു ഡിസ്പെൻസറി കൊടുക്കുക തല്ക്കാലം സാധ്യമല്ല. ഈ പ്രദേശത്തെ തൊഴിലാളികൾക്കു് എന്തു ആനുകൂല്യം ചെയ്യാൻ കഴിയുമെന്നുള്ളതു് പരിശോധിക്കുന്നതാണു്.

ശ്രീ. എം. സദാശിവൻ : എഴുനൂറിൽപ്പരം തൊഴിലാളികളുള്ള വിജയമോഹിനി മില്ലിലെ തൊഴിലാളികൾക്കു് റോട്ടറി ക്ലബ്ബിൽ നിന്നും കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം എടുത്തുകളഞ്ഞുവെന്നുള്ളതു് ശരിയാണോ; എങ്കിൽ അതു പരിശോധിച്ചിട്ടു് ഇനിയും എന്തെങ്കിലും ആനുകൂല്യം കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : എന്താണെന്നു് അന്വേഷിച്ചു് ചെയ്യാൻ കഴിയുന്ന നടപടി സ്വീകരിക്കാം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : പാലക്കാട്ടെ ഒരു ഇ. എസ്. ഐ. ആശുപത്രിയുടെ കെട്ടിടം എതാനും മാസങ്ങൾക്കുമുമ്പു് പൂർത്തിയായി എങ്കിലും സാനിട്ടറി ഫിറിംഗ്സും എലക്ട്രിഫിക്കേഷനും ഇല്ലാത്തതുകൊണ്ടു് അതിന്റെ ഉൽഘാടന കർമ്മം നടക്കാതിരിക്കുകയാണു്. എത്രയും വേഗം ഉൽഘാടനം നടത്താൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതേപ്പററി അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. അബു : ചെറുവണ്ണൂരിൽ ഇ. എസ്സ്. ഐ. ആശുപത്രിയുടെ കെട്ടിടം പണി ഈ സർക്കാർ വന്നതിനുശേഷം ആരംഭിച്ചിട്ടുണ്ടെന്നും പലപ്പോഴും പറയാറുണ്ട്. എപ്പോഴാണ് പണി ആരംഭിച്ചതു്; എത്ര നില കെട്ടിടമാണ് പണിയുന്നതു് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതേപ്പറ്റി അന്വേഷിച്ചുമാത്രമേ മറുപടി പറയാൻ പറ്റുകയുള്ളൂ.

ശ്രീ. കെ. കരുണാകരൻ : ഇ. എസ്സ്. ഐ. പദ്ധതിയനുസരിച്ച് തൊഴിലാളികളുടെ പക്കൽനിന്നും മാനേജുമെന്റുകളുടെ പക്കൽനിന്നും പണം ഈടാക്കുന്നതുകൊണ്ട് ആവശ്യത്തിനുള്ള മരുന്നു കൊടുക്കാനുള്ള സംഖ്യ കാർപ്പറേഷനിൽ നിന്നും കിട്ടാൻ സാധ്യതയുള്ളതുകൊണ്ട് ആവശ്യമായ മരുന്ന് എന്തൊക്കെയാണെന്നുനോക്കി കിട്ടാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതിനുള്ള നടപടി നടത്തിക്കൊണ്ടുവരികയാണ്. എന്നിരുന്നാലും ചില സ്ഥാപനങ്ങളിൽ മരുന്ന് ചില സന്ദർഭങ്ങളിൽ കുറഞ്ഞുപോയി എന്നും വരാം. അങ്ങനെ ഏതെങ്കിലും ആശുപത്രികളിൽ മരുന്നു കുറവു വന്നിട്ടുണ്ടെങ്കിൽ മരുന്ന് എത്തിക്കുന്നതിനും മറ്റു് ആശുപത്രികളെക്കാളും പരിഗണന ഇ. എസ്സ്. ഐ. ആശുപത്രിക്കു് നൽകുന്നതാണ്.

ശ്രീ. കെ. എം. ജോർജ്ജ് : കോട്ടയത്തെ ഇ. എസ്സ്. ഐ. ആശുപത്രി കെട്ടിടം രണ്ടുകൊല്ലമായിട്ട് പൂർത്തിയായി കിടക്കുന്നുവെന്നാണ് ഞങ്ങളുടെ മനസ്സിലാക്കുന്നതു്. അതെപ്പറ്റി അന്വേഷിച്ച് അതു തുറക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ആശുപത്രി കെട്ടിടം പൂർത്തിയായിട്ടുണ്ടെന്നു് പുറമെനിന്നു നോക്കുന്നവർക്കു് അതിന്റെ കെട്ടിടവും മേൽക്കൂരയും കാണുമ്പോൾ തോന്നുമെങ്കിലും സാനിട്ടറി ഫിറ്റിംഗ്സ് ഇലക്ട്രിഫിക്കേഷൻ മുതലായവ പൂർത്തിയായതിനു ശേഷം മാത്രമേ ആശുപത്രി കെട്ടിടം പൂർത്തിയായി എന്നു പറയാൻ നിവൃത്തിയുള്ളൂ. എന്തായാലും ഇതു് എന്താണെന്നു് അന്വേഷിച്ചു് കൈക്കൊള്ളേണ്ട നടപടി കൈക്കൊള്ളുന്നതാണ്.

ശ്രീ. പി. കെ. രാഘവൻ : ഇ. എസ്സ്. ഐ. ആശുപത്രികളിലെ ചികിത്സാസമയം രാവിലെയും വൈകുന്നേരവും ആയതുകൊണ്ടും ഇടയ്ക്കുള്ളസമയത്തു് ചികിത്സാസൗകര്യം ഇല്ലാത്തതുകൊണ്ടും രോഗികൾക്കു് ബുദ്ധിമുട്ടുണ്ടാകുന്നുണ്ടു്. അതുകൊണ്ടു് ഇടയ്ക്കുള്ള സമയത്തുകൂടി രോഗികൾക്കു് ചികിത്സാസൗകര്യം ലഭിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇ. എസ്സ്. ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും സമയം നിശ്ചയിച്ചിരിക്കുന്നതു് പല കാരണങ്ങൾകൊണ്ടാണ്. രാവിലെയും വൈകിട്ടും തൊഴിലാളികൾക്കു് അവിടെ പോകത്തക്കനിലയിൽ മറ്റു ആശുപത്രികളിൽനിന്നും വ്യത്യസ്തമായ സമയം നിശ്ചയിച്ചിരിക്കുകയാണ്. ഉച്ചയ്ക്കു് ചികിത്സ ലഭിക്കത്തക്കസൗകര്യം ഇ.എസ്സ്.ഐ. ആശുപത്രികളിൽ ഇപ്പോഴും ഉണ്ടു്. ഡിസ്പെൻസറികളുടെ കാര്യത്തിൽ എന്തു ചെയ്യണമെന്നു് പരിശോധിക്കുന്നതാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഇ. എസ്സ്. ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും പേപ്പട്ടി വിഷത്തിനു ചികിത്സാസൗകര്യമില്ലാത്തതുകൊണ്ടു് താലൂക്കു് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ നിന്നും ചികിത്സ കഴിഞ്ഞു വരുന്നവർക്കു് ആവശ്യമായ സർട്ടിഫിക്കറ്റുകൊടുക്കാൻ ഇ. എസ്സ്. ഐ. ഡാക്ടർമാർ വിസമ്മതിക്കുന്നതുകൊണ്ടു് തൊഴിലാളികൾക്കു് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടു്. ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ : മറ്റു ആശുപത്രികളിൽ പോയി ചികിത്സ നടത്തിയെന്നുള്ളതിനു് ശരിയായ സർട്ടിഫിക്കറ്റു കാണിച്ചാൽ ഇ. എസ്. ഐ. ആശുപത്രികളിലെ ഡാക്ടർമാർ സർട്ടിഫിക്കറ്റുകൊടുക്കാറുണ്ടു്. ചികിത്സ നടത്തിയതിനു ശരിയായ രേഖ കാണിച്ചിട്ടും സർട്ടിഫിക്കറ്റു കൊടുക്കാത്ത വല്ല കേസും ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഇപ്പോൾ കുലശേഖരപുരം ആശുപത്രിയിൽ നിന്നു് കരുനാഗപ്പള്ളി താലൂക്കു് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ പോയി ചികിത്സകഴിഞ്ഞു ശരിയായ സർട്ടിഫിക്കറ്റു ഹാജരാക്കിയിട്ടും ഇ. എസ്. ഐ. യിലെ ഡാക്ടർ സർട്ടിഫിക്കറ്റു കൊടുത്തിട്ടില്ലെന്നതിനെ ആസ്പദമാക്കിയാണു് ഈ കഴപ്പം ഉണ്ടായിട്ടുള്ളതു്. അതു തുടരാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. എ. വി. ആര്യൻ : തൃശ്ശൂരിൽ പുംകുന്നം ഇ. എസ്. ഐ. ഡിസ്പെൻസറിയിൽ ഡാക്ടരും സ്റ്റാഫും തമ്മിൽ വഴക്കുണ്ടായതിനെത്തുടർന്നു് തൊഴിലാളികൾക്കു വേണ്ടത്ര ചികിത്സാസൗകര്യം ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ : തലശ്ശേരി വ്യവസായമേഖലയിലുള്ള പിയേഴ്സ്ലെസ്ലി കമ്പനിയിലുള്ള തൊഴിലാളികൾക്കു് മാസങ്ങളോളമായിയാതൊരു ചികിത്സാസൗകര്യവും കിട്ടുന്നില്ലെന്നുള്ള പരാതിയുണ്ടായിട്ടുണ്ടോ? അതു പരിഹരിക്കുന്നതിനു് അടിയന്തിരമായി മെഡിക്കൽ വാൻ അങ്ങോട്ടു് അയയ്ക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : മാസങ്ങളോളമായി ചികിത്സാസൗകര്യങ്ങളൊന്നും കിട്ടുന്നില്ലെന്നുള്ള പരാതിയുണ്ടായിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തിയതുകൊണ്ടു് അന്വേഷിക്കാം.

ശ്രീ. എം. രാമുണ്ണി : മരുന്നില്ലാത്തതിനെപ്പറ്റി അന്വേഷിക്കാൻ ഒരു വിദഗ്ദ്ധക്കമ്മിറ്റിയുണ്ടു്. ആ വിദഗ്ദ്ധക്കമ്മിറ്റിയുടെ അന്വേഷണപരിധിയിൽ ഇ. എസ്. ഐ. ഡിസ്പെൻസറികളും ഉൾപ്പെടുത്താനാവശ്യമായ നടപടിയെടുക്കാൻ ഭയവുണ്ടാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഉൾപ്പെടുത്താം.

ശ്രീ. എൻ. കണപതി : പുതിതായ ഏർപ്പടും മധുരൈ ജില്ലാക്കളിലും മറ്റും തേവികുളം, പീർമേടു, ഉടുമ്പഞ്ചോല ആകിയ താലുകാക്കളിൽ ഇ. എസ്. ഐ. ആസ്പത്തിരികൾ ഏർപടുത്തപ്പടുമാ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇ. എസ്. ഐ. ഡിസ്പെൻസറികളും സ്ഥാപിക്കുന്നതിനു് ചില പരിഗണനകളും ഉണ്ടു്. അതു് ഒത്തുവരുമ്പോൾ സ്ഥാപിക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. പി. എസ്. നമ്പൂതിരി : മരുന്നു ലഭിക്കുന്നില്ലെന്ന ആക്ഷേപമുണ്ടെങ്കിൽ ആലോചിക്കാമെന്നു പറഞ്ഞു. ടി. ബി. ആശുപത്രികളിൽ വേണ്ടത്ര ഭക്ഷണം കിട്ടുന്നില്ല. അതിനെപ്പറ്റി അന്വേഷിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ടി. ബി. ആശുപത്രികളുടെ കാര്യം പിന്നീടു പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ശിവരാമഭാരതി : ചെറുവണ്ണൂർ ഇ. എസ്. ഐ. ഡിസ്പെൻസറിയിൽ ഒന്നരണ്ടു ഡാക്ടർമാരെയെങ്കിലും അടിയന്തിരമായി നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ചെയ്യാം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : പാലക്കാട് ഡിസ്പെൻസറിയുടെ കാര്യം അന്വേഷിക്കാമെന്നു് മാർച്ചുമാസത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണു്. ഇപ്പോഴും അന്വേഷിക്കാമെന്നു പറയുന്നതെന്താണു്? ഇതുവരെ ഇ. എസ്. ഐ. യിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

ശ്രീ. ബി. വെല്ലിംഗ്ടൺ : അന്വേഷിക്കാമെന്നു പറഞ്ഞിട്ടുള്ളതിനെപ്പറ്റി അന്വേഷിച്ചു് നടപടിയെടുത്തിരിക്കും. ഇപ്പോഴത്തെ കാര്യമാണു് അന്വേഷിക്കാമെന്നു പറഞ്ഞതു്.

അടിസ്ഥാന ഭ്രനികുതി

* 28. [50] ശ്രീ. കെ. പാത്തുണ്ണിമാസ്റ്റർ
,, മുസ്തഫാ കമാൽ
,, വി. എസ്. അച്യുതാനന്ദൻ
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, പി. കെ. കുഞ്ഞച്ചൻ

താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1957-ൽ അടിസ്ഥാനഭ്രനികുതിനിയമത്തിനെതിരായി ചില ജന്മിമാർ കോടതിയിൽ റിട്ട കൊടുക്കുകയും ഭ്രനികുതിപിരിവു് സ്റ്റേ ചെയ്യുകൊണ്ടു് കോടതി നടപടി എടുക്കുകയും, പിന്നീടു് പ്രസ്തുത സ്റ്റേ പിൻവലിക്കുകയും ചെയ്തതിനുശേഷം 12 കൊല്ലത്തെ ഭ്രനികുതി മുഴുവൻ ഒന്നായി കുടിക്കാരിൽനിന്നു് വസൂലാക്കുവാൻ റവന്യു ഉദ്യോഗസ്ഥന്മാർ നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനെ സംബന്ധിച്ചു് ഗവണ്മെൻറിനു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) അന്വേഷിച്ചുവരുന്നു.

(ബി) ഉണ്ടു്.

(സി) റവന്യുബോർഡിൻെറ അഭിപ്രായം അറിയുന്നതിനുവേണ്ടി അയച്ചിരിക്കുകയാണു്.

ശ്രീ. മുസ്തഫാ കമാൽ : കുത്തകപ്പാട്ടവ്യവസ്ഥയിൽ ഭ്രമി കിട്ടിയിട്ടുള്ളവർ കാർഷികാദായനികുതി കൊടുക്കേണ്ടെന്നു് രണ്ടു മാസംമുൻപു് കേരളഹൈക്കോടതി വിധി പ്രസ്താവിച്ചതിൻെറ ഫലമായി ലക്ഷക്കണക്കിനു രൂപ ഗവണ്മെൻറിനു് നഷ്ടപ്പെടുന്നതിനാൽ ഈ നഷ്ടം പരിഹരിക്കത്തക്ക വിധത്തിൽ വേണ്ട നടപടി ആരംഭിച്ചിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ആ കാര്യം നോക്കാൻ പറഞ്ഞിട്ടില്ല. ഹൈക്കോടതിവിധിയെപ്പറ്റി അറിവില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സങ്കേതം വസ്തുക്കളുടെ പേരിലുള്ള നികുതി അന്നത്തെ റവന്യുമന്ത്രി സ്റ്റേ ചെയ്തിരുന്നതു് ഇപ്പോഴും വീണ്ടും ഒന്നായി കൊടുക്കണ

LIBRARY ARCHIVES Kerala Legislative Assembly